# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3727** **11.12.2018 ൽ മറുപടിയ്ക്ക്**

**ശബരിമലയിലേക്കുള്ള റോഡുകളിലെ സുരക്ഷാ സംവിധാനങ്ങൾ**

| | ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് ശബരിമലയിലേക്കുള്ള റോഡുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് 'സേഫ് സോൺ' എന്ന പേരിൽ വിപുലമായ ഒരുക്കങ്ങളാണ് മോട്ടോർ വാഹന വകുപ്പ് നടപ്പാക്കിയിരിക്കുന്നത്. ഇലവുങ്കൽ പ്രധാന കൺട്രോൾ റൂമും കുട്ടിക്കാനം, എരുമേലി എന്നിവിടങ്ങളിൽ സബ് കൺട്രോൾ റൂമും പ്രവർത്തിക്കുന്നു. 24 മണിക്കൂറും ക്യാമറകളുടെ സഹായത്തോടെ ശബരിമല പാത നിരീക്ഷിക്കുന്നുണ്ട്. പത്തനംതിട്ട, ഇലവുങ്കൽ, കുട്ടിക്കാനം, എരുമേലി, കുമളി തുടങ്ങി ഏകദേശം 400 കി.മി. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് 24 മണിക്കൂറും 15 ടീം പെട്രോളിംഗ് നടത്തിവരുന്നു. കൂടാതെ വാഹനങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾ തീർത്ത് യാത്ര സുഗമമാക്കുന്നതിനായി വിവിധ കമ്പനികളുടെ മെക്കാനിക്കുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ കൺട്രോൾ റൂമിലൂടെ നൽകി വരുന്നു. ആംബുലൻസ്, ക്രെയിൻ സംവിധാനങ്ങളും ലഭ്യമാണ്. |
| (ബി) | പ്രസ്തുത മേഖലയിൽ ഒന്നാം ഘട്ടത്തിൽ എത്ര ഉദ്യോഗസ്ഥരെ ഈ വർഷം ഡ്യൂട്ടിക്ക് നിയമിച്ചിട്ടുണ്ട്; കഴിഞ്ഞവർഷം ഒന്നാം ഘട്ടത്തിൽ എത്ര പേരെ ഡ്യൂട്ടിക്ക് നിയമിച്ചിരുന്നു; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത മേഖലയിൽ ഒന്നാം ഘട്ടത്തിൽ 69 ഉദ്യോഗസ്ഥരെ ഈ വർഷം ഡ്യൂട്ടിക്ക് നിയമിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം ഒന്നാം ഘട്ടത്തിൽ 51 പേരെ ഡ്യൂട്ടിക്ക് നിയമിച്ചിരുന്നു |
| (സി) | രാത്രികാലങ്ങളിൽ തീർത്ഥാടനത്തിന് എത്തുന്ന അയ്യപ്പ ഭക്തരുടെ വാഹനങ്ങളുടെ സുരക്ഷ ക്കായി റോഡിൽ എന്തൊക്കെ സംവിധാന ങ്ങളാണ് ചെയ്തിരിക്കുന്നതെന്ന് വിശദമാ ക്കുമോ? | (സി) | രാത്രികാലങ്ങളിൽ അപകട സാധ്യതയുള്ള മേഖലകളിൽ റിഫ്ലക്ടറുകൾ സ്ഥാപിക്കുകയും അപകട സാധ്യത കൂടിയ വളവുകളിൽ കോൺവെക്സ് ലെൻസുകൾ സ്ഥാപിക്കുകയും പെട്രോളിംഗ് ശക്തമാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ